File No.LSGD-FM2/86/2021-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷണം ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.933/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **30/04/2021**

---

പരാമർശം:- തിരുവനന്തപുരം കോർപറേഷൻ മേയർ സമർപ്പിച്ച 22/04/2021 ലെ ശുപാർശ

**ഉത്തരവ്**

കോവിഡ്-19 രോഗബാധ കാരണം പുറത്തിറങ്ങാൻ കഴിയാതെ വരുന്ന ജനത്തിന് ഭക്ഷണം ലഭ്യമാകാതിരിക്കാനുള്ള സാഹചര്യം ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലോക്ഡൌൺ കാലത്തെന്നപോലെ ഇടപെടണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം കോർ പറേഷൻ വാർഡുകളിൽ സജീവമായികഴിഞ്ഞ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സഹായത്തോടെ ആഹാരം ആവശ്യമുള്ള കോവിഡ് ബാധിതരെ കണ്ടെത്തുന്നതിനും, അത്തരക്കാർക്ക് നഗരസഭയുടെ ജനകീയ ഹോട്ടലുകളിൽ ലഭ്യമാകുന്ന ഉച്ചയൂണ് 20/- രൂപ നിരക്കിൽ സന്നദ്ധപ്രവർത്തകർ മുഖാന്തിരം എത്തിക്കുന്നതിനും, ടി ചിലവ് നഗരസഭയ്ക്ക് വഹിക്കുന്നതിനും കഴിയുമെന്നതിനാൽ ആവശ്യക്കാർക്ക് ഭക്ഷണമെത്തിക്കുന്നതിന് ജനകീയ ഹോട്ടലുകൾക്ക് നിലവിലെ നിരക്കനുസരിച്ച് നഗരസഭയിൽ നിന്ന് തുക നൽകുന്നതിന് അനുവാദം നൽകി ഉത്തരവാകണമെന്ന് തിരുവനന്തപുരം കോർപറേഷൻ മേയർ അഭ്യർത്ഥിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആവശ്യക്കാർക്ക് ഭക്ഷണമെത്തിക്കുന്നതിന് ജനകീയ ഹോട്ടലുകൾക്ക് നിലവിലെ നിരക്കനുസരിച്ച് നഗരസഭയിൽ നിന്ന് തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപറേഷൻ

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

*അക്കൗണ്ടന്റ് ജനറൽ* (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ